**ഏലിയാക്കാലം ഒന്നാം ഞായർ**

**മർക്കോ 9:2-13**

## യേശുവിന്റെ രൂപാന്തരീകരണം: കുരിശിലൂടെ മഹത്വത്തിലേക്ക്

**ഡോ. സോണി മഞ്ഞളി**

യേശുവിന്റെ രൂപാന്തരീകരണവും പ്രവാചകനായ ഏലിയായുടെ തിരിച്ചുവരവിനെക്കുറിച്ചുള്ള ചോദ്യവുമാണ് ഈ സുവിശേഷഭാഗത്ത് നാം കാണുന്നത്.

പീഡാനുഭവത്തെയും, ഉത്ഥാനത്തെയും കുറിച്ചുള്ള ഒന്നാം പ്രവചനത്തിനു ശേഷമാണ് യേശുവിന്റെ രൂപാന്തരീകരണം നടക്കുന്നത് (മർക്കോ. 8:27-30). പീഡാനുഭവപ്രവചനം ശ്ലീഹന്മാരുടെ ഹൃദയത്തെ വല്ലാതെ ഉലച്ചുകളയുന്നുണ്ട് (മർക്കോ. 8:31-33). സഹനങ്ങളും, കുരിശും യേശുവിൽ വിശ്വസിക്കാൻ ഒരു തടസ്സമായി അവർക്ക് തോന്നി. ഈ സാഹചര്യത്തിൽ, യേശുവിന്റെ രൂപാന്തരീകരണം അവരുടെ ഉത്ക്കണ്ഠകളെ മറികടക്കാൻ സഹായിക്കുന്നുണ്ട്.

മർക്കോസിന്റെ സുവിശേഷം രചിക്കപ്പെട്ട സമയത്ത്, കുരിശ് എന്നത് യഹൂദർക്ക് യേശുവിനെ മിശിഹായായി സ്വീകരിക്കുന്നതിന് തടസ്സം നിൽക്കുകയായിരുന്നു. കാരണം അവർക്ക് കുരിശ് ഭോഷത്തമായിരുന്നു (1 കോറി. 1:23). ആദിമ ക്രിസ്ത്യാനികളുടെ ഒരു പ്രധാന ദൗത്യം കുരിശിന്റെ രക്ഷാകര സ്വഭാവം ജനങ്ങളെ അറിയിക്കുകയും, കുരിശ് ഭോഷത്തമല്ലെന്നും, അത് ദൈവത്തിന്റെ ശക്തിയും, ദൈവത്തിന്റെ ജ്ഞാനവുമാണെന്ന് പ്രഘോഷിക്കലുമായിരുന്നു (1 കോറി. 1:22-31). പഴയനിയമം ഉദ്ധരിച്ചുകൊണ്ട് ക്രിസ്തു പ്രവചനങ്ങളുടെ പൂർത്തീകരണവും, കുരിശ് മഹത്വത്തിന്റ അടയാളവുമാണെന്ന് പ്രഘോഷിക്കുകയാണ് മർക്കോസ് സുവിശേഷകൻ.

ഉയർന്ന മലമുകളിലാണ് യേശുവിന്റെ രൂപാന്തരീകരണം നടക്കുന്നത്. ലൂക്കാ സുവിശേഷകൻ പറയുന്നു: ''യേശുനാഥൻ മലമുകളിൽ പ്രാർത്ഥിക്കാനായി പോയി'' എന്നാണ് (ലൂക്കാ 9:20). ക്രിസ്തുശിഷ്യന്മാരായ പത്രോസിന്റെയും, യോഹന്നാന്റെയും, യാക്കോബിന്റെയും മുമ്പിലാണ് യേശു രൂപാന്തരപ്പെടുന്നത്. യേശുവിനോടൊപ്പം മോശയും, ഏലിയായും കാണപ്പെട്ടു. മോശയും, ഏലിയായും പഴയ നിയമത്തിലെ പ്രധാന കഥാപാത്രങ്ങളാണല്ലോ. മോശ നിയമത്തെയും (തോറ), ഏലിയ പ്രവചനങ്ങളെയും പ്രതിനിധീകരിക്കുന്നു. ഉയർന്ന മല, സീനായ് മലയെയും ഓർമ്മിപ്പിക്കുന്നുണ്ട്. അവിടെയാണല്ലോ മോശയ്ക്ക് ദൈവം പത്ത് കല്പനകൾ നല്കിയത് (പുറ. 34:29-35). വെള്ള വസ്ത്രം മോശയുടെ പ്രകാശപൂരിതമായ മുഖത്തെയും ഓർമ്മിപ്പിക്കുന്നു. ലൂക്കായുടെ സുവിശേഷത്തിൽ അവർ തമ്മിലുള്ള സംസാരം ജറുസലേമിൽ സംഭവിക്കേണ്ട യേശുവിന്റെ കടന്നുപോകലിനെക്കുറിച്ചാണെന്ന് (Exodus) പറയുന്നുണ്ട് (ലൂക്കാ 9:31). മിശിഹാ മഹത്വത്തിലേക്ക് പ്രവേശിക്കുന്നത് സഹനത്തിലൂടെയും, കുരിശുമരണത്തിലൂടെയും ആണെന്ന് പഴയ നിയമ തോറായും, പ്രവചനങ്ങളും സൂചിപ്പിക്കുന്നുണ്ട്.

രൂപാന്തരീകരണ വേളയിൽ സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരം ശ്രവിച്ചു. ''ഇവൻ എന്റെ പ്രിയപുത്രൻ. ഇവന്റെ വാക്ക് ശ്രവിക്കുവിൻ'' (മർക്കോ. 9:7). 'പ്രിയപുത്രൻ' എന്ന വാക്ക് ഏശയ്യ പ്രവചനത്തിൽ കർത്താവിന്റെ ദാസനെക്കുറിച്ചുള്ളതാണ് (ഏശ. 42:1). ''ഇവന്റെ വാക്ക് ശ്രവിക്കുവിൻ'' എന്നത് പുതിയ മോശയെക്കുറിച്ചുള്ള പ്രവചനം നമ്മെ ഓർമ്മിപ്പിക്കുന്നു (നിയ. 18:5). യേശുക്രിസ്തുവിൽ പഴയ നിയമ പ്രവചനങ്ങൾ പൂർത്തിയാകുന്നു. ശിഷ്യന്മാർക്ക് ഇനി സംശയിക്കാൻ ഇടമില്ല – യേശു മഹത്വപൂർണ്ണനായ മിശിഹായാണെന്ന്. എന്തെന്നാൽ മഹത്വത്തിലേക്കുള്ള വഴി കുരിശിന്റെതാണെന്ന് ഏശയ്യാ പ്രവചനം ഓർമ്മപ്പെടുത്തുന്നുണ്ടല്ലോ (ഏശ. 53:3-9). യേശുവിന്റെ രൂപാന്തരീകരണം ഇത് തെളിയിക്കുന്നു. മോശയും, ഏലിയായും അത് ഉറപ്പിക്കുന്നു. പിതാവായ ദൈവം അത് സാക്ഷ്യപ്പെടുത്തുന്നു. യേശുക്രിസ്തു അത് സ്വീകരിക്കുകയും ചെയ്തു.

മർക്കോ. 9:11-13 ഏലിയായുടെ തിരിച്ചുവരവിനെക്കുറിച്ച് പറയുന്നുണ്ട്. മലാക്കി പ്രവാചകൻ മിശിഹായുടെ വഴി ശരിയാക്കാൻ ഏലിയാ വരുമെന്ന് പ്രവചിച്ചിട്ടുണ്ട് (മലാക്കി 3:23-24). ഈ പ്രവചനം

പ്രഭാഷകന്റെ പുസ്തകത്തിലും നമുക്ക് കാണാം (പ്രഭാ. 48:10). ഏലിയാ ആദ്യം വരണമെന്ന് നിയമജ്ഞർ പറയുന്നതെന്തുകൊണ്ടാണ്? (മർക്കോ. 9:11). യേശുവിന്റെ മറുപടി വളരെ വ്യക്തമാണ്. ''ഏലിയാ വന്നു കഴിഞ്ഞു. അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ തന്നെ, തങ്ങൾക്കിഷ്ടമുള്ളതെല്ലാം അവൻ അവനോട് ചെയ്തു'' (മർക്കോ. 9:13). യേശു സംസാരിച്ചത് ഹേറോദോസിനാൽ കൊല്ലപ്പെട്ട സ്നാപക യോഹന്നാനെക്കുറിച്ചാണ് (മത്താ. 17:13).